# Phone call between External Affairs Minister, Dr. S. Jaishankar and Foreign Minister of China, H.E. Mr. Wang Yi

June 17, 2020

---

## വിദേശകാര്യമന്ത്രി ഡോ.എസ് ജയശങ്കറും ചൈനീസ് വിദേശകാര്യമന്ത്രി വാങ് യിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ജൂൺ 17, 2020

1. ഇന്ത്യയുടെ വിദേശകാര്യമന്ത്രിയും ചൈനയുടെ വിദേശകാര്യമന്ത്രിയും സ്റ്റെയ്റ്റ് കൗസിലറുമായ വാങ് യി യും തമ്മിൽ ലഡാക്കിൽ അടുത്തിടെയുണ്ടായ സംഭവവികാസങ്ങളെ കുറിച്ച് ഇന്ന് വൈകുന്നേരം ഫോൺ സംഭാഷണം നടത്തി.

2. 2020 ജൂൺ 15 ന് ഗൾവാൻ താഴ്‌വരയിൽ നടന്ന പ്രക്ഷോഭത്തിന് ഏറ്റവും ശക്തമായ ഭാഷയിൽ തന്നെ ഇന്ത്യ പ്രതിഷേധം അറിയിച്ചു.ജൂൺ 6 ന് ഉന്നത സൈനിക കമ്മാണ്ടർമാരുമായി നടത്തിയ സമ്മേളനവും യഥാർത്ഥ നിയന്ത്രണ രേഖയിലെ (LAC) സൈനിക പിന്മാറ്റത്തെ കുറിച്ച് എത്തിച്ചേർന്ന ഉടമ്പടികളും അദ്ദേഹം അനുസ്മരിച്ചു.കഴിഞ്ഞ ആഴ്ചയിലുടനീളം ഈ ധാരണകൾ നടപ്പിലാക്കുന്നതിനായി താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർ സ്ഥിരമായി സമ്മേളനം നടത്തികൊട്നിരിക്കുകയാണ്.ചെറിയ രീതിയിലുള്ള പുരോഗതികൾ ഉണ്ടായി വരുമ്പോഴേക്കുംഗൾവാൻ താഴെവരയിൽ നമ്മുടെ യഥാർത്ഥ നിയന്ത്രരേഖയിൽ നിർമാണ പ്രവർത്തങ്ങൾക്കായി ചൈനീസ് വിഭാഗം ശ്രമിച്ചിരുന്നു.ഇത് ഒരു തർക്ക വസ്തുതയായി മാറിയതിനാൽ, നേരിട്ടുള്ള പ്രക്ഷോഭങ്ങൾക്കും അപകടങ്ങൾക്കും കാരണമായി ചൈനീസ് വിഭാഗം മനപ്പൂർവം പ്രവർത്തിക്കുകയായിരുന്നു. എല്ലാ ഉടമ്പടികളും ലംഘിക്കുന്നതും ഏകപക്ഷീയമായി ഭരണാധികാരം നേടുന്നതിനുമുള്ള ലക്ഷ്യങ്ങളാണ് പ്രതിഫലിക്കുന്നത്.

3. പണ്ടുണ്ടാകാത്ത തരത്തിലുള്ള സംഭവവികാസങ്ങൾ ഉഭയകക്ഷി ബന്ധത്തെ സാരമായി ബാധിക്കുമെന്ന് വിദേശകാര്യമന്ത്രി അടിവരയിട്ടു സൂചിപ്പിച്ചു. ഇപ്പോൾ ചെനീസ് വിഭാഗം ചെയ്യേണ്ടത് തങ്ങളുടെ പ്രവർത്തങ്ങൾ വീണ്ടും വിലയിരുത്തുക അല്ലെങ്കിൽ ശരിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ്. ജൂൺ 6 ന് ഉന്നതതല കമ്മാണ്ടർമാർ എത്തിച്ചേർന്നിട്ടുള്ള പരസ്പര ധാരണകൾ പ്രവർത്തികമാക്കുന്നതിനു ഇരു വിഭാഗങ്ങളും ആത്മാർത്ഥമായും ശ്രമിക്കേണ്ടതാണ്. ഇരു വിഭാഗങ്ങളിലെയും സൈനികരും ഉഭയകക്ഷി ഉടമ്പടികളും നയങ്ങളും അനുസരിക്കേണ്ടതാണ്. അവർ യഥാർത്ഥ നിയന്ത്രണ രേഖ നിരീക്ഷിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്, അതിൽ വ്യതിയാനങ്ങൾ വരുത്തുന്നതിന് ഏകപക്ഷീയമായി ഒരു തരത്തിലുള്ള പ്രവർത്തനങ്ങളും നടത്തരുത്.

4. തന്റെ പരാമർശത്തിൽ ചൈനയുടെ വിദേശകാര്യമന്ത്രി ചൈനയുടെ ഇപ്പോഴത്തെ നിലപാട് അറിയിച്ചു.

5. ചർച്ചയുടെ നിഗമനത്തിൽ, മൊത്തത്തിലുള്ള സാഹചര്യം ഉത്തരവാദിത്വപരമായി കൈകാര്യം ചെയ്യുന്നതാണെന്നും ജൂൺ 6 ന് എത്തിച്ചേർന്ന സൈനികപിന്മാറ്റം സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ നടപ്പിലാക്കാൻ ഇരു വിഭാഗങ്ങളും ആത്മാർഥമായി ശ്രമിക്കുമെന്നും സമ്മതിച്ചു. കാര്യങ്ങൾ വഷളാകുന്ന രീതിയിൽ ഒരു വിഭാഗവും മുന്നോട്ടു കൊണ്ട് പോകില്ല മറിച്ച് ഉഭയ കക്ഷി ഉടമ്പടികളുടെയും നയങ്ങളുടെയും അടിസ്ഥാനത്തിൽ സമാധാനവും ശാന്തതയും ഉറപ്പുവരുത്തുന്നതാണ്.

**ന്യൂ ഡൽഹി**
**17 ജൂൺ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.